(ബി) ഇതിൽ എത്ര പ്രതികൾ ഉണ്ട് ; അവർ ആരെല്ലാം ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ടിയാന്റെ ഭാര്യയുടെ മൊഴിപ്രകാരം ആരെയെങ്കിലും പ്രതിയാക്കിയിട്ടുണ്ടോ ; എങ്കിൽ ആരെയെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത കേസ് അന്വേഷിക്കാൻ ഏതെങ്കിലും പ്രത്യേക ടീമിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ ഇതിന്റെ ഉന്നത ഓഫീസർ ആരാണ് ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-ഡി) വിവരംശേഖരിച്ച് നൽകുന്നതാണ്.

മലബാർ സിമന്റ്സ് മുൻ കമ്പനി സെക്രട്ടറി വി. ശശീന്ദ്രന്റെയും മക്കളുടെയും ദുരൂഹ മരണം

57 (1527) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ സിമന്റ്സ് മുൻ കമ്പനി സെക്രട്ടറി വി. ശശീന്ദ്രന്റെയും മക്കളുടേയും ദുരൂഹമരണത്തെക്കുറിച്ച് എന്തൊക്കെ പോലീസ് അന്വേഷണങ്ങളാണ് നടത്തിയത് ;

(ബി) ഈ കേസ് അന്വേഷണം ഏത് ഏജൻസിയാണ് നടത്തിയത് ;

(സി) ശശീന്ദ്രന്റെയും കുട്ടികളുടെയും മരണം കൊലപാതകമാണെന്ന് കേന്ദ്ര ഇന്റലിജൻസ് ബ്യൂറോ കണ്ടെത്തിയിട്ടുണ്ടോ ;

(ഡി) ഈ സംഭവത്തെക്കുറിച്ച് സംസ്ഥാന ആഭ്യന്തര വകുപ്പ് ഇനിയും എന്തൊക്കെ അന്വേഷണങ്ങൾ നടത്താനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കുമോ ?

ഉത്തരം

(എ-ഡി) വിവരംശേഖരിച്ച് നൽകുന്നതാണ്.

എൻ.ജി.ഒ. അസ്സോസിയേഷൻ നേതാവ് വിജയകുമാറിന്റെ മരണം

58 (1528) ശ്രീ. ബി. ബാബു പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിപ്പാട് എൻ.ജി.ഒ. അസ്സോസിയേഷൻ നേതാവ് വിജയകുമാർ കൊല്ലപ്പെട്ട കേസ്സിന്റെ അന്വേഷണ പുരോഗതി വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത കേസ്സിൽ ഹരിപ്പാട്ടെ കുപ്രസിദ്ധരായ ക്രിമിനലുകൾ ഉൾപ്പെട്ടിട്ടുണ്ടെന്ന വിജയകുമാറിന്റെ കുടുംബാംഗങ്ങളുടെ ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇക്കാര്യത്തെക്കുറിച്ച് പോലീസ് അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ഡി) എങ്കിൽ അതിന്റെ പുരോഗതി വ്യക്തമാക്കുമോ ;

(ഇ) ദുരൂഹതകൾ നിറഞ്ഞ പ്രസ്തുത കൊലക്കേസ് ക്രൈംബ്രാഞ്ചിന് കൈമാറുവാൻ നടപടി സ്വീകരിക്കുമോ ;

(എഫ്) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വീയപുരം പോലീസ് സ്റ്റേഷൻ ക്രൈം 191/10 U/s 302, 201, 109, 34 IPC പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നതും 1-ാം പ്രതി ഷിബുവിനെ അറസ്റ്റ് ചെയ്ത് റിമാൻഡിൽ കഴിഞ്ഞുവരവേ ജാമ്യം അനുവദിച്ചിട്ടുള്ളതുമാണ്. ടി കേസ്സിലെ 2-ാം പ്രതി അനീഷ് ഒളിവിൽ കഴിഞ്ഞു വരുന്നതുമാണ്.

(ബി & സി) ഉണ്ട്.

(ഡി) 2-ാം പ്രതി അനീഷ്, ഹരിപ്പാട് പോലീസ് സ്റ്റേഷനിൽ Kerala Anti-Social Activities (Prevention) Act U/s 3 പ്രകാരം തടവിൽ കഴിഞ്ഞ് വന്നിരുന്നതും അഡ്വൈസറി ബോർഡ്, റിവോക്ക് ചെയ്ത് വിട്ടിട്ടുള്ളതും ടിയാൻ ടി കേസിൽ പ്രതി ആയതിനാൽ ഇപ്പോൾ ഒളിവിൽ കഴിഞ്ഞുവരുന്നതുമാണ്. ടിയാനെ അറസ്റ്റ് ചെയ്യുന്നതിനുവേണ്ട ഊർജ്ജിത നടപടി സ്വീകരിച്ചുവരുന്നു.

(ഇ) അന്വേഷണ പുരോഗതി വിലയിരുത്തിയശേഷം യുക്തമായ നടപടി സ്വീകരിക്കുന്നതാണ്.

(എഫ്) ഉദിക്കുന്നില്ല.

രമ്യയുടെ വധം

59 (1529) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ ചിറയ്ക്കൽ പഞ്ചായത്തിലെ കാട്ടാമ്പള്ളിയിലെ രമ്യയുടെ വധവുമായി ബന്ധപ്പെട്ട കേസന്വേഷണ പുരോഗതി അറിയിക്കുമോ ;

(ബി) പ്രതിയെന്ന് സംശയിക്കുന്ന വ്യക്തി രാജ്യത്തിന് പുറത്തുകടന്നതായി സംശയിക്കുന്ന സാഹചര്യത്തിൽ അന്വേഷണം ഇന്റർപോളിനെ ഏല്പിച്ചിട്ടുണ്ടോ ;

(സി) അന്വേഷണം വേണ്ടത്ര പുരോഗമിക്കുന്നില്ലെന്നുള്ള ആക്ഷൻ കമ്മിറ്റിയുടെ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly